**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.** 5823 **27.10.2011- ൽ മറുപടിയ്ക്ക്**

**തരിശുഭൂമി ഉപയോഗപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവൻ മുഖേന കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചു കൊണ്ട് തരിശുഭൂമി ഉപയോഗപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ ഭക്ഷ്യ വിളകളുടെ ഉൽപാദനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പൊതു ജനപങ്കാളിത്തത്തോടെ തരിശുഭൂമി കൃഷി വ്യാപകമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, മറ്റു സന്നദ്ധ സംഘടനകൾ, വനിതാ ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവ മുഖേന തരിശുഭൂമി കൃഷി പദ്ധതി നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 2401-00-102-82-ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതുപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കൃഷിയ്ക്കു വേണ്ട അടിസ്ഥാന സൗകര്യ വികസനം, വായ്പാ സൗകര്യങ്ങൾ, ഉല്പാദനോപാധികൾ, വിപണന സൗകര്യം എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമരൂപം നൽകിവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ